ജൈവ പാൽ ഉൽപ്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം

72 [1011] ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
" വി. ജെ. പൗലോസ് :
" ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്രയിനം കന്നുകാലികളുണ്ട് ; ഇവയുടെ വംശ വർദ്ധനയ്ക്കും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(ബി) ഇവയിൽ നിന്ന് ജൈവ പാൽ ഉൽപ്പാദിപ്പിക്കുന്നതും കയറ്റുമതി ചെയ്യുന്നതുമായ പ്രശ്നം പരിഗണിച്ചിട്ടുണ്ടോ ;

(സി) പാൽ കർഷകർക്ക് ജൈവ പാൽ ഉൽപ്പാദിപ്പിക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനം നൽകുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ട് ഇനം കന്നുകാലികളുണ്ട്. സങ്കരയിനത്തിൽപ്പെട്ട സുനന്ദിനികളും നാടനും. വംശവർദ്ധനയ്ക്കും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

ഗുണമേന്മയുള്ള നല്ലയിനം കിടാങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനും ഗാഢശീതീകരണ ബീജമാത്രകളും വിതരണം ചെയ്യുന്നതിന് കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള കന്നുകാലി പ്രജനന നയം അവലോകനം ചെയ്ത് ഭേദഗതികളും നിർദ്ദേശങ്ങളും സമർപ്പിക്കുവാൻ നാഷണൽ ഡയറി ഡവലപ്പ്മെന്റ് ബോർഡിന്റെ സഹകരണത്തോടെ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ പഠനം നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ 85 ശതമാനത്തിലേറെ കന്നുകാലികളെ സങ്കര വർഗ്ഗമാക്കാൻ കൃത്രിമ ബീജാധാന പദ്ധതി കൊണ്ട് സാധിച്ചിട്ടുണ്ട്. ഉൽപ്പാദനം വർദ്ധിപ്പിച്ചതിന്റെ ഫലമായി കേരളത്തിൽ പശു ഒന്നിന് ശരാശരി 6.5 മുതൽ 8 വരെ ലിറ്റർ പാൽ പ്രതിദിന ഉൽപ്പാദന ശേഷി കൈവരിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്രീമിയം വിത്തുകാള പദ്ധതി, ഗോരക്ഷ പദ്ധതി, ഗോസംവർദ്ധിനി, കൃത്രിമ ബീജാധാന ടെക്നീഷ്യന്മാർക്ക് പരിശീലനം, ഗുണമേന്മയുള്ള വിത്തുകാളകളുടെ ഇറക്കുമതി എന്നിവ ബോർഡ് മുഖാന്തിരം നടത്തിവരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

ഇന്റേൺഷിപ്പ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിക്കാൻ നടപടി

73 [1012] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.വി.എസ്.സി. പരീക്ഷ പാസായി ഇന്റേൺഷിപ്പ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ് തുക എത്രയാണ് ; ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly